പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 139

09-03-2015 - ൽ മറുപടിയ്ക്ക്

**മത്സ്യത്തൊഴിലാളി കടാശ്വാസ നിയമ പ്രകാരം കടങ്ങൾ എഴുതിത്തള്ളൽ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.റ്റി.യു.കുരുവിള** | | **ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | ഈ സർക്കാർ മത്സ്യത്തൊഴിലാളി കടാശ്വാസ നിയമ പ്രകാരം ഏതെല്ലാം കടങ്ങൾ എഴുതിത്തള്ളി എന്ന് വ്യക്തമാക്കുമോ; | എ) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്ത മത്സ്യഫെഡ് മുഖേനയും സഹകരണ വകുപ്പുമുഖേനയും ഉള്ള മത്സ്യത്തൊഴിലാളികളുടെ കടങ്ങളാണ് എഴുതി തള്ളിയത്. മത്സ്യഫെഡ്, സഹകരണവകുപ്പ് മുഖേന കടമെടുത്ത 38,522 പേർക്ക് 113,93,63,816/- രൂപ അനുവദിച്ചിട്ടുണ്ട്. |
| ബി) | മത്സ്യത്തൊഴിലാളികളുടെ ഏതെല്ലാം കടങ്ങളാണ് ഇനിയും എഴുതി തള്ളാൻ ഉള്ളത് എന്ന് വ്യക്തമാക്കുമോ; | ബി) | സഹകരണ വകുപ്പ്, മത്സ്യഫെഡ് എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട IV, V, VI, VII എന്നീ ലിസ്റ്റ് പ്രകാരമുള്ള കടങ്ങളും, ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള കടങ്ങളും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കടങ്ങളും എഴുതിത്തള്ളുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്വകാര്യവ്യക്തികൾ, സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്ന് മത്സ്യത്തൊഴിലാളികൾ എടുത്ത കടങ്ങളാണ് ഇനി പരിഗണിക്കാനുള്ളത്. |
| സി) | മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ സഹകരണത്തോടെ നടപ്പാക്കുവാനുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ? | സി) | മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് പഞ്ഞമാസക്കാലത്ത് കേന്ദ്രാവിഷ്കൃതപദ്ധതിയായ സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം തുക വിതരണം ചെയ്തുവരുന്നു. കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭവന നിർമ്മാണ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്നതിനായി 2 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുന്നു. |

Jayasree

**സെക്ഷൻ ഓഫീസർ**